പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 228 — 14/02/2013 ൽ മറുപടിയ്ക്ക്

## പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>,, സി.എഫ്. തോമസ്<br>" മോൻസ് ജോസഫ്<br>" റ്റി.യു. കുരുവിള | ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അദ്ധ്യയന വർഷാരംഭം തന്നെ നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) പ്രീമെട്രിക് തലത്തിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷാരംഭത്തിൽ തന്നെ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചുവരുന്നുണ്ട്.<br>പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് പദ്ധതിയിലൂടെ ആനുകൂല്യങ്ങൾ അനുവദിച്ചു വരുന്നു. ആയതിനാൽ വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ അതാതു മാസങ്ങളിൽ തന്നെ ലഭ്യമാകുന്നു. ഇ-ഗ്രാന്റ്സ് പദ്ധതി ഇപ്പോൾ മുഴുവൻ പോസ്റ്റ് മെട്രിക് കോഴ്സുകൾക്കും ബാധകമാക്കിയിട്ടുണ്ട്. അപേക്ഷകൾ അക്ഷയ കേന്ദ്രങ്ങൾ മുഖേന ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള സൗകര്യവും ആനുകൂല്യങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ e-z pay card |

| | | |
|---|---|---|
| | | സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സ്ഥാപനത്തിൽ നിന്നും അപേക്ഷ (സോഫ്റ്റ് വെയറിലൂടെ) ലഭിക്കുന്ന മുറയ്ക്ക് വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക്/ATM കാർഡിലേയ്ക്ക് നേരിട്ട് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ഇ-ഗ്രാന്റ്സ്. |
| പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകുന്ന വിവിധ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ? | (ബി) | പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകുന്ന ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ് മണി എന്നിവ 11/01/2012 ലെ സ.ഉ(കൈ)നം. 6/12/ പജപവവിവ. പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള ആനുകൂല്യങ്ങളാണ് ഇപ്പോൾ അനുവദിച്ചു വരുന്നത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് തലത്തിൽ നൽകിവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ 2013-14 വിദ്യാലയ വർഷം മുതൽ വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ